സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ആഫീസ് സംബന്ധമായ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് സർവ്വീസ് കൺസൾട്ടന്റ് ആയി നിയോഗിച്ചിരുന്ന ശ്രീ. ആർ. മുകുന്ദൻപിള്ളയുടെ സേവനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2573/03/Est-I** നന്തൻകോട്, 20/09/2018

---

പരാമർശം :- 1) 18-10-2012 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
2) 18-01-2013 ലെ ആർ.ഒ.സി. 08/13/എസ്റ്റ-1 നമ്പർ ബോർഡ് ഉത്തരവ്.
3) 04-03-2014 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
4) 29-04-2015 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
5) 09-08-2016 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
6) 01-06-2018 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ആഫീസ് സംബന്ധമായ വിഷയങ്ങളിൽ നൽകിയ പരിശീലനം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുംവിധം പരിശീലകനായ ശ്രീ. ആർ. മുകുന്ദൻ പിള്ളയുടെ (റിട്ടയേർഡ് അണ്ടർ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിയേറ്റ്) സേവനം 3 മാസത്തേക്ക് ബോർഡ് ആഫീസിൽ ലഭ്യമാക്കി പരാമർശം 1 ബോർഡുത്തരവായി.

ജീവനക്കാർക്ക് നൽകിയിട്ടുള്ള പരിശീലനം അനുസരിച്ചുള്ള തുടർ നടപടികൾ ബോർഡിന്റെ കീഴിലുള്ള എല്ലാ ആഫീസുകളിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ശ്രീ. ആർ. മുകുന്ദൻപിള്ളയെ ഓണറേറിയം വ്യവസ്ഥയിൽ സർവ്വീസ് കൺസൾട്ടന്റായി 01-02-2013 മുതൽ 31-08-2018 വരെ പരാമർശം 2 മുതൽ 6 വരെയുള്ള ബോർഡുത്തരവുകൾ പ്രകാരം നിയോഗിച്ചുവന്നിരുന്നു.

ശ്രീ. ആർ. മുകുന്ദൻപിള്ളയുടെ സേവന കാലയളവ് 31-08-2018 ൽ പൂർത്തിയായതിനെ തുടർന്ന് ആയത് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ബോർഡ് ചർച്ച ചെയ്തതിൽ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ കുറച്ചുകൂടി നിപുണതയുള്ള ഒരാളുടെ സേവനം ലഭ്യമാക്കുന്നതാണ് ഉചിതമെന്ന് വിലയിരുത്തി ശ്രീ. ആർ. മുകുന്ദൻപിള്ളയുടെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സർവ്വീസ് കൺസൾട്ടന്റ് ആയിട്ടുള്ള സേവനം അവസാനിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
**സെക്രട്ടറി**

ശ്രീ. ആർ. മുകുന്ദൻപിള്ള,
സർവ്വീസ് കൺസൾട്ടന്റ്,
തിരുവിതാംകൂർ ദേവസ്വം ബോർഡ്. - കൈവശമുള്ള ഫയലുകളും റിക്കാർഡുകളും അതത് സെക്ഷനുകളിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

(മറുപുറം)

GAP

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK